**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 166** **01-09-2022 - ൽ മറുപടിയ്ക്ക്**

**മൃതസഞ്ജീവനി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. പി.പി. സുമോദ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അവയവദാനത്തിന് സമഗ്രമായ മാനദണ്ഡം രൂപീകരിക്കുന്നതിനും മൃതസഞ്ജീവനി പദ്ധതി ഫലപ്രദമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് മൃതസഞ്ജീവനി പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി കേരള സർക്കാർ 2012-ൽ മരണാനന്തര അവയവദാന പദ്ധതി ആയ കേരള നെറ്റ്വർക്ക് ഫോർ ഓർഗൻ ഷെയറിംഗ് (കെ.എൻ.ഒ.എസ്) ഔപചാരികമായി ആരംഭിച്ചു. നാഷണൽ ഓർഗൻ ട്രാൻസ്പ്ലാന്റ് പ്രോഗ്രാമിൽ (എൻ.ഒ.റ്റി.പി) വിഭാവനം ചെയ്തിട്ടുള്ള ലക്ഷ്യങ്ങൾ നേടിയെടുക്കുവാനും സംസ്ഥാനത്ത് അവയവദാന-അവയവം മാറ്റിവയ്ക്കൽ പ്രക്രിയയ്ക്ക് മേൽനോട്ടം വഹിക്കുന്നതിനും അവയവദാനത്തിനു സമഗ്രമായ മാദനണ്ഡം രൂപീകരിക്കുന്നതിനുമായി സംസ്ഥാന സർക്കാർ 2021-ൽ കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ (കെ-സോട്ടോ) രൂപീകരിക്കുകയും ആയത് ഒരു സൊസൈറ്റിയായി രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. ടി സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. |
| (ബി) | അവയവമാറ്റത്തിനായി അഞ്ഞൂറ് കോടി രൂപ ചെലവിൽ കോഴിക്കോട് സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി സ്ഥാപിക്കുന്നത് വഴി അവയവ മാറ്റ ശസ്ത്രക്രിയയുടെ ചെലവും രോഗികളുടെ കാത്തിരിപ്പും കുറയ്ക്കാനാകുമോ; | (ബി) | അവയവങ്ങൾക്കായി കാത്തിരിക്കുന്ന രോഗികളുടെ എണ്ണവുമായി താരതമ്യം ചെയ്യുമ്പോൾ അവയവങ്ങൾ ലഭിക്കുന്നവരുടെ എണ്ണം വളരെ കുറവാണ്. നിലവിൽ അവയവമാറ്റ ശസ്ത്രക്രിയയ്ക്കുള്ള സൗകര്യം സർക്കാർ മേഖലയിൽ പരിമിതമാണ്. ആയതിനാൽ അവയവമാറ്റ ശസ്ത്രക്രിയയുടെ 90 ശതമാനം നടക്കുന്നത് സ്വകാര്യമേഖലയിലാണ്. അവയവമാറ്റ ശസ്ത്രക്രിയ വളരെ ചെലവേറിയ ഒന്നായതിനാൽ ആവശ്യക്കാരിൽ 90 ശതമാനത്തിലധികം പേർക്കും അത് താങ്ങാനാവാത്ത സാഹചര്യമാണ്. ഇക്കാര്യം കൂടി പരിഗണിച്ചാണ് ഓർഗൻ ട്രാൻസ്പ്ലാന്റേഷന് വേണ്ടി കോഴിക്കോട് ഒരു ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത് |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത ശസ്ത്രക്രിയകൾക്കായി മെഡിക്കൽ കോളേജുകളിൽ പ്രവൃത്തി പരിചയമുള്ള ഡോക്ടർമാരുടെ നേതൃത്വത്തിൽ പ്രത്യേക സംഘം രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ? | (സി) | നിലവിൽ പരിശോധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ